GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/10/2026

1. കേരള കാർഷിക സർവകലാശാലയുടെ (KAU) അഗ്രി ബിസിനസ് ഇൻകുബേറ്റർ, തൃശ്ശൂർ വെള്ളാനിക്കരയിൽ വെച്ച് ഒക്ടോബർ 26 മുതൽ 28 വരെ മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനത്തോടെയുള്ള (hands-on) 'ഡ്രോൺ പൈലറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം' സംഘടിപ്പിക്കുന്നു.

സീറ്റുകൾ പരിമിതം. താല്പര്യമുള്ളവർ എത്രയും വേഗം അപേക്ഷിക്കുക.

കൂടുതൽ വിവരങ്ങൾക്ക് – 0487 2438332 , 91 90745 23047 എന്നീ നമ്പരുകളിൽ (രാവിലെ 9:00 മുതൽ വൈകുന്നേരം 4:00 വരെ) ബന്ധപ്പെടാവുന്നതാണ്.

2. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മക്കണ്ടകരിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ പരിശീലനകേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 26 മുതൽ 30 വരെയുള്ള തീയതികളിൽ കർഷകർക്ക് പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർക്ക് 8089151789/ 9496332048/ 8304948553 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സ്അപ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29.

18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി–ൽ ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടിക്കും ₹500/– രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

5. മരട് ജനകീയാസൂത്രണപദ്ധതികളിൽ ഗുണഭോക്തരായിട്ടുള്ളവർ കർഷക രജിസ്ട്രേഷൻ ചെയ്യണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. രജിസ്ട്രേഷൻ ചെയ്യാത്തവർ ഉടൻ തന്നെ ആധാർ കാർഡും, കരം തീർത്ത രസീത്, മൊബൈൽ ഫോണുമായി മരട് കൃഷിഭവനിൽ എത്തിച്ചേരണം

6. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

7. ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 29, 30 തീയതികളിൽ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.